പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 1386 11/08/2017-ൽ മറുപടിയ്ക്ക്

## കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ.ടി.എ. അഹമ്മദ് കബീർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ. വി.എസ് .സുനിൽ കുമാർ
( കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ കർഷകരുടെ നേതൃത്വത്തിൽ സ്ഥാപിച്ച് ലാഭകര മായി നടത്തുന്ന കാര്യത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായി; വിശദമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കമെന്ന നിലയിൽ "വൈഗ 2016" എന്ന പേരിൽ പ്രദർശനവും അന്താരാഷ്ട്ര ശില്പശാലയും തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. മൂല്യവർദ്ധിത വൈവിദ്ധ്യവൽക്കരണത്തിനുള്ള അനന്ത സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടാണ് പ്രസ്തുത ശില്പശാല സംഘടിപ്പിച്ചത്. ഈ ശില്പശാലയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ധാരാളം കർഷകർ ഈ മേഖലയിലേക്ക് വരുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവയ്ക്ക് സപ്പോർട്ടീവ് ആകേണ്ട അഗ്രോപാർക്കുകൾ സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ഇതിന് പിൻബലമായി 17 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നെല്ല്, തെങ്ങ്, റബ്ബർ, ചക്ക, വാഴ, പച്ചക്കറി, സുഗന്ധദ്രവ്യങ്ങൾ, മാങ്ങ, തേൻ എന്നിവയ്ക്കായി ആകെ 17 പാർക്കുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് വേണ്ടിയുള്ള സാധ്യത പഠനം നടത്തി DPR തയ്യാറാക്കുന്നതിനായി NABARD- ന്റെ കൺസൽട്ടൻസി ആയ NABCONS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഗഡുവായ 6,98,500/- രൂപ NABCONS-ന് അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ